**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2953** **07-10-2025 - ൽ മറുപടിയ്ക്ക്**

**ഗോത്രവർഗ്ഗ പഞ്ചായത്തായ ഇടമലക്കുടിയിലേയ്ക്കുള്ള റോഡ് നിർമ്മാണം**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><th colspan="2">ശ്രീ. എ. രാജ</th><th colspan="2">ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)</th></tr>
<tr><td>(എ)</td><td>ഗോത്രവർഗ്ഗ പഞ്ചായത്തായ ഇടമലക്കുടിയിലേയ്ക്കുള്ള റോഡ് നിർമ്മാണത്തിന് എത്ര തുകയാണ് അനുവദിച്ചിരിക്കുന്നത്; ഭരണാനുമതി തുകയും ടെൻഡർ അനുവദിച്ചിരിക്കുന്ന തുകയും എത്രയാണെന്ന് അറിയിക്കാമോ;</td><td>(എ)</td><td>ഗോത്രവർഗ്ഗ പഞ്ചായത്തായ ഇടമലക്കുടിയിലേയ്ക്കുള്ള റോഡ് നിർമ്മാണത്തിന് അനുവദിച്ചിരിക്കുന്ന തുക, ഭരണാനുമതി തുക, ടെൻഡർ അനുവദിച്ചിരിക്കുന്ന തുക എന്നിവ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു
<table>
<tr><th>പ്രവർത്തി</th><th>പ്രവർത്തിയുടെ വിശദീകരണം</th><th>ഭരണാനുമതി തുക (കോടി)</th><th>അനുവദിച്ച തുക (കോടി)</th><th>സംഗ്രഹം</th></tr>
<tr><td>പെട്ടിമുടി-ഇഡ്ഢലിപ്പാറകുടി റോഡ് നിർമ്മാണം</td><td>ആകെ ദൂരം 7.2 KM</td><td>13.70</td><td>12.43</td><td>12.43 കോടി രൂപ PWD യ്ക്ക് കൈമാറി. 4.5 KM റോഡ് നിലവിൽ പൂർത്തീകരിച്ചിട്ടുണ്ട്. ടെൻഡർ തുക 7,57,70,394/- രൂപയാണെന്ന് PWD ൽ നിന്നും അറിയിച്ചിട്ടുണ്ട്.</td></tr>
<tr><td>ഇഡ്ഢലിപ്പാറ-സൊസൈറ്റികുടി റോഡ് നിർമ്മാണം</td><td>ആകെ ദൂരം 3 KM</td><td>4.75</td><td>4.75 കോടി രൂപ PWD യ്ക്ക് കൈമാറി</td><td>PWD ടെൻഡർ നടപടികൾ സ്വീകരിച്ചു വരുന്നു</td></tr>
</table>
</td></tr>
<tr><td>(ബി)</td><td>പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണത്തിൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അറിയിക്കാമോ;</td><td>(ബി)</td><td>ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത പ്രവർത്തികൾക്കായി നിർമ്മാണ സാമഗ്രികൾ എത്തിക്കുന്നതിന് വനം വകുപ്പിൽ നിന്നുള്ള തടസ്സവും, അനുകൂലമല്ലാത്ത കാലാവസ്ഥയും നിർമ്മാണ പ്രവർത്തനങ്ങൾക്ക് തടസ്സം സൃഷ്ടിക്കുന്നുണ്ട്.</td></tr>
<tr><td>(സി)</td><td>പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണം പൂർത്തീകരിച്ചാൽ ഇടമലക്കുടിയിലെ ആകെയുള്ളതിൽ എത്ര ഉന്നതികൾക്ക് ഈ റോഡിന്റെ പ്രയോജനം ലഭിക്കും; അറിയിക്കാമോ;</td><td>(സി)</td><td>ടി റോഡുകളുടെ നിർമ്മാണം പൂർത്തിയായാൽ ഇഡലിപ്പാറക്കുടി, സൊസൈറ്റികുടി എന്നീ ഉന്നതികളുടെ യാത്രാക്ലേശം പൂർണ്ണമായും പരിഹരിക്കപ്പെടുന്നതാണ്. കൂടാതെ ടി കുടികളോട് ചേർന്നുള്ള ആണ്ടവൻ കുടി, ഷെഡുകുടി എന്നീ കുടികൾക്കു കൂടി ഭാഗികമായി ഇതിന്റെ പ്രയോജനം ലഭിക്കുന്നതാണ്.</td></tr>
<tr><td>(ഡി)</td><td>മുഴുവൻ ഉന്നതികളേയും തമ്മിൽ ബന്ധിപ്പിക്കുന്ന രീതിയിൽ റോഡ് നിർമ്മാണം നടത്തുന്നതിന് നടപടി സ്വീകരിക്കാമോ?</td><td>(ഡി)</td><td>ടി വിഷയത്തിൽ, വനം വകുപ്പ് ,തദ്ദേശ്ശ സ്വയം ഭരണം തുടങ്ങി വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച കൊണ്ട് മാത്രമേ ഇടമലക്കുടിയിലെ മുഴുവൻ ഉന്നതികളെയും ബന്ധിപ്പിക്കുന്ന റോഡ് നിർമ്മാണം സാധ്യമാകുകയുള്ളു. അതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു</td></tr>
</table>

സെക്ഷൻ ഓഫീസർ